## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1358

03.12.2015-ൽ മറുപടിക്ക്

### ഇ-സ്റ്റാമ്പിംഗ്

**ചോദ്യം**

**ശ്രീ.പി.ഉബൈദുള്ള**

**ഉത്തരം**

**ശ്രീ.അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

എ) സ്റ്റാമ്പ് ആക്ട് ഭേദഗതിയിലൂടെ സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

എ) ഉണ്ട്. കേരള സംസ്ഥാനത്ത് ആധാര രജിസ്ട്രേഷനായി നിലവിലുള്ള മുദ്രപത്ര സംവിധാനത്തോടൊപ്പം ഇ-സ്റ്റാമ്പ് കൂടി ഉപയോഗിക്കുന്നതിനായി, 1959-ലെ കേരള മുദ്രപത്ര നിയമത്തിൽ, 19.09.2015-ലെ 2122- ാം നമ്പർ അസാധാരണ ഗസറ്റ് പ്രകാരമുള്ള ഓർഡിനൻസ് മുഖേന ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ കേരള നിയമസഭയുടെ നടപ്പ് സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനായി നിയമസഭാ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നവയാണ്:

1. വ്യാജമുദ്രപ്പത്രങ്ങൾ തടയുവാൻ കഴിയുന്നു.
2. ഇ-സ്റ്റാമ്പിംഗ് മുഖേന തുക ഒടുക്കിയ വിവരം ഓൺലൈനായി പരിശോധിക്കുവാൻ കഴിയുന്നതാണ്.
3. ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാൽ തിരിമറികൾക്ക് സാധ്യതയില്ല.
4. സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തിരം ആയതിനാൽ തിരുത്തലുകൾക്ക് സാധ്യതയില്ല.
5. ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർക്കും ഏത് സമയത്തും സ്റ്റാമ്പ് വാങ്ങാവുന്നതാണ്.

| | | | |
|---|---|---|---|
| ബി) | ഇ-സ്റ്റാമ്പിംഗ് നടപ്പാക്കുമ്പോൾ സ്റ്റാമ്പ് വെണ്ടർമാർ വഴി ട്രഷറി വകുപ്പിന്റെ കീഴിൽ തന്നെയാണോ നടപ്പാക്കുന്നത്; | ബി) | ഈ വിഷയത്തിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല. |
| സി) | മുദ്രപത്ര വിതരണവും ഇ-സ്റ്റാമ്പിംഗ് സംവിധാനവും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | സി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ